(സി) മേഖല തിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.

(1) മഴവെള്ള സംഭരണ മാനുവൽ നിർമ്മാണം—₹ 73,433

(2) സംസ്ഥാനതല വർക്ക്ഷാപ്പ്—₹ 65,786

(3) ഡെമോൺസ്ട്രേഷൻ യൂണിറ്റ്—₹ 1,09,895

(ഡി) കണക്കാക്കിയിട്ടില്ല.

മഴവെള്ള സംഭരണ പദ്ധതി

57 [3644] ശ്രീ. യു. സി. രാമൻ:

" കളത്തിൽ അബ്ദുള്ള:

" കെ. എൻ. എ. ഖാദർ:

" പി. കെ. കെ. ബാവ:

" ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴവെള്ള സംഭരണ പദ്ധതിയുടെ വിജയത്തിന് വേണ്ട ജനപങ്കാളിത്തം നേടാനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിജയത്തിനായി ബോധവൽക്കരണ പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(സി) അതിന്റെ പുരോഗതി പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജനപങ്കാളിത്തത്തോടെ മഴവെള്ള സംഭരണ പദ്ധതികൾ വിജയകരമായി നടപ്പാക്കുന്നതിന് ജലവിഭവ വകുപ്പ് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് എല്ലാ ജില്ലകളിലും ജനപ്രതിനിധികളെയും ജലസംരക്ഷക പ്രവർത്തകരെയും സന്നദ്ധ സംഘടനകളെയും ജലവിഭവവുമായി ബന്ധപ്പെട്ട വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥന്മാരെയും ഉൾപ്പെടുത്തി ജില്ലാതല ഏകോപന സമിതിയും സാങ്കേതിക സമിതിയും രൂപീകരിച്ചിട്ടുണ്ട്. ജില്ലയിലെ ജല സംഭരണ-സംരക്ഷണ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കുന്നതും ഈ സമിതികളാണ്. കൂടാതെ, വിവിധ ഏജൻസികൾ വഴിയും ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങൾ വഴിയും നടത്തുന്ന പ്രചാരണ പ്രവർത്തനങ്ങൾ വഴിയും ഈ പദ്ധതിക്കുവേണ്ട ജനപങ്കാളിത്തം ഉറപ്പാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി ആന്റ് ഡി) പരിപാടി ആരംഭദിശയിലാണ്. ആക്ഷൻപ്ലാൻ അനുസരിച്ചുള്ള പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതിനായി സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു ഉന്നതാധികാര സമിതി പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാന തലത്തിൽ മഴവെള്ള സംഭരണ പരിപാടി ഏകോപിപ്പിക്കുന്നതിന് ഒരു മഴകേന്ദ്രം പ്രവർത്തനക്ഷമമായി വരുന്നു.

പള്ളിക്കൂട്ടുമ്മയിൽ പുതിയ ഒരു സെക്ഷൻ രൂപീകരിക്കുന്നതിന് നടപടി

58 [3645] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ കിടങ്ങറ സെക്ഷൻ എത്ര പഞ്ചായത്തുകൾ ഉൾപ്പെട്ടതാണ്;

(ബി) യാത്രാ സൗകര്യം കുറഞ്ഞ കുട്ടനാട്ടിൽ വാട്ടർ അതോറിറ്റിയുടെ വർക്കുകൾക്ക് മേൽനോട്ടം വഹിക്കുന്നതിനും മെയിന്റനൻസ് ഉറപ്പു വരുത്തുന്നതിനും ഇത്രയും വലിയ അധികാര പരിധി തടസ്സമാണെന്നതിനാൽ പള്ളിക്കൂട്ടുമ്മയിൽ പുതിയ ഒരു സെക്ഷൻ ആരംഭിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എത്രയും വേഗം ജീവനക്കാരെ പുനർവിന്യസിച്ച് പള്ളിക്കൂട്ടുമ്മ സെക്ഷൻ രൂപീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 9 പഞ്ചായത്തുകൾ

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിക്കുന്നതാണ്.

തദ്ദേശഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിച്ച തസ്തികകൾ

59 [3646] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പിൽ നിന്നും എത്ര ഓവർസീയർ തസ്തികകൾ തദ്ദേശഭരണ വകുപ്പിലേക്ക് പുനർവിന്യസിച്ചിട്ടുണ്ട്; ഇതിന്റെ ഗ്രേഡ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇവരെ എത്രകാലത്തേക്കാണ് ഇങ്ങനെ പുനർവിന്യസിച്ചിട്ടുള്ളത്;

(സി) കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് ഇവർക്ക് ജലവിഭവ വകുപ്പിലേയ്ക്ക് തിരികെ വരുന്നതിനു എന്തെങ്കിലും ബുദ്ധിമുട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly